പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .174

10.12.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

ചോദ്യം

മറുപടി

| | ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഗവൺമെന്റ് അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിതള്ളുന്നതിനായി സംസ്ഥാനത്തെ ബാങ്കുകൾക്ക് നൽകിയ ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ മൊത്തം തുക എത്ര യാണ്; | (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതും 1969 ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ, എന്നിവിടങ്ങളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ളതുമായ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 49,70,20,294 രൂപ സഹകരണ വകുപ്പ് രജിസ്ട്രാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. സഹകരണ ബാങ്ക്/സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയിനത്തിൽ 241.15 കോടി രൂപയുടെ കടാശ്വാസം അനുവദിക്കുന്നതിനായി നൽകിയ ഒന്നാം ഗഡുവായ 100 കോടി രൂപയ്ക്കു പുറമേ ബാക്കിയുള്ള 141.15 കോടി രൂപയും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചു വരുന്നു. |
| (ബി) | ഗവൺമെന്റ് അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം സംസ്ഥാനത്തെ മത്സ്യ സഹകരണ സംഘങ്ങൾ എഴുതിത്തള്ളിയ ആകെ വായ്പാത്തുക എത്രയെന്ന് വ്യക്തമാക്കാമോ ? | (ബി) | മത്സ്യഫെഡിൽ നിന്നും, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും NBCFDC, NMDFC വായ്പയെടുത്തു കുടിശ്ശികയായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് 35,95,000 രൂപ അനുവദിച്ചിട്ടുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ